**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 817** **30-06-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പിന്നാക്ക ക്ഷേമ വകുപ്പിന്റെ ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ സാധ്യമാണോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സാധ്യമല്ല. സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പിൽ പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് മേൽ ആവശ്യത്തിലേയ്ക്കായി തുക വിനിയോഗിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ല. |
| (ബി) | ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗക്കാർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന പൊതുവിദ്യാലയങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിന് പിന്നാക്ക ക്ഷേമ വകുപ്പിന്റെ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | സാധ്യമല്ല. സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പിൽ പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് മേൽ ആവശ്യത്തി ലേയ്ക്കായി തുക വിനിയോഗിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ല. |
| (സി) | യാത്രാസൗകര്യങ്ങൾ പരിമിതമായ ആദിവാസി മേഖലകളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | നടപടി സ്വീകരിക്കേണ്ടത് പൊതു വിദ്യാഭ്യാസ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ